ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ മത്സരിക്കും.

**Maharashtra Governor CP Radhakrishnan will be the NDA's candidate for the upcoming Vice Presidential Election.**

2) രണ്ട് ദിവസത്തെ സന്ദർശനത്തതിനായി ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, ഇന്ന് ഇന്ത്യയിലെത്തും.

**Chinese Foreign Minister China Wang Yi will be on a two day visit to India beginning today**

3) വോട്ടു തിരിമറി ആരോപണം തള്ളി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒരിക്കലും പിന്മാറില്ലെന്ന് കമ്മീഷൻ.

**Election Commission rejects vote rigging allegations. The Commission has said that it will never step back from its constitutional responsibilities**

4) പാർലമെൻറിൽ വർഷകാല സമ്മേളനം ഇന്ന് പുനരാരംഭിക്കും. ബഹിരാകാശ യാത്രികൻ ശുഭാൻശു ശുക്ലയുടെ നേട്ടവുമായി ബന്ധപ്പെട്ട് ലോക്സഭയിൽ ഇന്ന് പ്രത്യേക ചർച്ച.

**The monsoon session in Parliament will resume today. A special discussion regarding the achievement of Indian astronaut Subhanshu Shukla. will take place in the Lok Sabha today**

5) കേരളത്തിൽ വ്യാപക മഴ തുടരുന്നു. തൃശ്ശൂർജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. കേരള- കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain continues in Kerala. Holiday for educational institutions in Thrissur district today. Fishing banned on the coasts of Kerala, Karnataka and Lakshadweep today and tomorrow.**

6) മലേഷ്യ ഇന്റർനാഷണൽ ചലഞ്ച് 2025 വനിതാ സിംഗിൾസ് കിരീടം സ്വന്തമാക്കി ഇന്ത്യയുടെ ദേവിക സിഹാഗ്.

**India's Devika Sihag wins the Malaysia International Challenge 2025 women's singles title**

**&&&&&&&&&&&&&&&&&&**

## HEADLINE 1

## NDA VP CANDIDATE- INTRO

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ മത്സരിക്കും. തമിഴ്നാട് സ്വദേശിയാണ് അദ്ദേഹം ബിജെപി പാർലമെന്ററി ബോർഡ് യോഗത്തിന് ശേഷം ബിജെപി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെപി നഡ്ഡയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. തെരഞ്ഞെടുപ്പിൽ സമവായത്തിൽ എത്തുന്നതിന് എല്ലാ പാർട്ടികളുമായും ആശയവിനിമയം നടത്താനാണ് ബിജെപി ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

ശ്രീ. രാധാകൃഷ്ണന്റെ പാർലമെന്ററി ഇടപെടലുകൾ ശ്രദ്ധേയമായിരുന്നുവെന്നും, ഗവർണർ കാലയളവിൽ സാധാരണ പൗരന്മാർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും അഭിനന്ദനം അറിയിച്ചു. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ വ്യാഴാഴ്ച വരെ സമർപ്പിക്കാം. അടുത്ത മാസം 9 നാണ് തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

## HEADLINE 2

## CHINA FM VISIT

രണ്ട് ദിവസത്തെ സന്ദർശനത്തതിനായി ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, ഇന്ന് ഇന്ത്യയിലെത്തും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യ-ചൈന അതിർത്തി പ്രശ്നം സംബന്ധിച്ച പ്രത്യേക പ്രതിനിധികളുടെ 24-ാമത് ചർച്ചയിൽ ശ്രീ അജിത് ഡോവലിനൊപ്പം അദ്ദേഹം പങ്കെടുക്കും. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും ചൈനീസ് വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## HEADLINE 4

## PARLIAMENT

പാർലമെൻറിൽ വർഷകാല സമ്മേളനം ഇന്ന് പുനരാരംഭിക്കും. ബഹിരാകാശ നിലയത്തിൽ നിന്നും

എത്തിയ ആദ്യ ഇന്ത്യാക്കാരനായ ശുഭാൻശു ശുക്ലയുടെ നേട്ടവുമായി ബന്ധപ്പെട്ട് ലോക്സഭയിൽ പ്രത്യേക ചർച്ച നടക്കും. '2047 ലെ വികസിത ഭാരതത്തിൽ ബഹിരാകാശ പദ്ധതിയുടെ നിർണ്ണായക പങ്ക്' എന്ന വിഷയത്തിലാണ് ചർച്ച നടക്കുന്നത്.

&&&&&&&&&&&&&&&&&&

## HEADLINE 3

## EC BRIEFING- INTRO

വോട്ടു തിരിമറി ആരോപണം തള്ളി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങളിൽ നിന്ന് കമ്മീഷൻ ഒരിക്കലും പിന്മാറില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വ്യക്തമാക്കി. തിരഞ്ഞെടുപ്പ് കമ്മീഷന് രാഷ്ട്രീയ വിവേചനമില്ലെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

(ഹോൾഡ് വോയ്സ്)

ഇരട്ട വോട്ട് നടന്നതായി ചിലർ ആരോപിക്കുന്നുണ്ടെങ്കിലും തെളിവ് ചോദിച്ചാൽ ഉത്തരമില്ലെന്നും ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## NEW J AND K:CLOUDBURST

ജമ്മു കശ്മീരിലെ കത്വയിൽ ഉണ്ടായ മേഘവിസ്ഫോടനത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് മുഖ്യമന്ത്രി ഒമർ അബ്ദുള്ള. ഗുരുതര പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും, നിസ്സാര പരിക്കേറ്റവർക്ക് 50,000 രൂപയും വീതം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ജമ്മു മുഖ്യമന്ത്രിയുമായി സംസാരിക്കുകയും സാധ്യമായ എല്ലാ പിന്തുണയും വാഗ്ധാനം ചെയ്യുകയും ചെയ്തു. പ്രദേശത്ത് രക്ഷാ ദൗത്യം പുരോഗമിക്കുകയാണ്. ദുരന്തത്തിൽ മരിച്ച 50 ഓളം പേരുടെ മൃതദേഹം ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. 80 ഓളം പേരെ കാണാതായിട്ടുണ്ടെന്നാണ് ഇതുവരെ ലഭിച്ച വിവരം.

&&&&&&&&&&&&&&&&&&

## BIHAR - ELECTORAL ROLL

ഓഗസ്റ്റ് 1 ന് പുറത്തിറക്കിയ സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ പ്രകാരം ബിഹാറിലെ കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട 65 ലക്ഷം വോട്ടർമാരുടെ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്നാണ് നടപടി. കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട വോട്ടർമാരുടെ പേരുകൾ, ഒഴിവാക്കിയതിൻ്റെ കാരണങ്ങൾ ഉൾപ്പെടെ പ്രസിദ്ധീകരിക്കാൻ സുപ്രീം കോടതി തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദ്ദേശിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## BIHAR RAHUL ADDRESS

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ മറവിൽ വോട്ടർമാരെ ഒഴിവാക്കാനും ഉൾപ്പെടുത്താനും ശ്രമം നടക്കുന്നതായി ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ആരോപിച്ചു. വോട്ടർ അധികാർ റാലിക്ക് മുന്നോടിയായി ബിഹാറിലെ സസറാമിൽ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ദരിദ്രരുടെയും ദുർബലരുടെയും സമ്മതിദാന അവകാശം ദുർവിനിയോഗം

ചെയ്യാൻ അനുവദിക്കില്ലെന്നും ശ്രീ രാഹുൽ ഗാന്ധി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ONAM EXAM

സംസ്ഥാനത്ത് ഓണ പരീക്ഷ ഇന്ന് ആരംഭിക്കും. യുപി, ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർഥികൾക്കാണ് ഇന്ന് പരീക്ഷ ആരംഭിക്കുന്നത്. എൽപി വിഭാഗത്തിന് ബുധനാഴ്ച മുതലാണ് പരീക്ഷ. ഓണപ്പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ച തടയാൻ വിദ്യാഭ്യാസ വകുപ്പ് മാർഗരേഖ പുറത്തിറക്കി. പരീക്ഷ തുടങ്ങുന്നതിന് അരമണിക്കൂർ മുൻപ് മാത്രമേ ചോദ്യക്കടലാസ് അടങ്ങുന്ന പാക്കറ്റുകൾ പൊട്ടിക്കാൻ പാടുള്ളൂ എന്ന് നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE 5

## RAIN - KERALA

കേരളത്തിൽ വ്യാപക മഴ തുടരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തൃശ്ശൂർജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. ജില്ലയിലെ ഓണപ്പരീക്ഷയും മാറ്റിവച്ചു. വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ട് തുറന്നു. പീച്ചി ഡാമിലേക്കുള്ള നീരൊഴുക്ക് ശക്തമായതിനെ തുടർന്ന് ഡാമിന്റെ നാല് ഷട്ടറുകളും കൂടുതൽ ഉയർത്താൻ സാധ്യതയുണ്ട്. ഇടുക്കിയിലെ മാട്ടുപ്പെട്ടി, കല്ലാർകുട്ടി, ഇരട്ടയാർ, ലോവർ പെരിയാർ എന്നീ

അണക്കെട്ടുകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. കേരള-കർണ്ണാടകം-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**&&&&&&&&&&&&&&&&&&**

## KOZHIKODE - FEVER

കോഴിക്കോട് താമരശ്ശേരിയിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരികരിച്ച സാഹചര്യത്തിൽ പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യ വകുപ്പ്. പ്രദേശത്തെ ജലസ്രോതസുകളിൽ നിന്നും പരിശോധക്കായി സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. നിലവിൽ ഒരു കുട്ടി ഉൾപ്പെടെ രണ്ടു പേരാണ് ചികിത്സയിലുള്ളത്.

**&&&&&&&&&&&&&&&&&&**

## TRUMP-ZELENSKIY MEET

യുക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമിർ സെലൻസ്കി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി വാഷിംഗ്ടണിൽ ഇന്ന് നിർണായക കൂടിക്കാഴ്ച നടത്തും.യുക്രൈനിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിന് അതിവേഗം പരിഹാരം കണ്ടെത്തുന്നത് ലക്ഷ്യമിട്ടാണ് കൂടിക്കാഴ്ച.ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, ജർമ്മൻ ചാൻസലർ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ്, നാറ്റോ സെക്രട്ടറി എന്നിവരുൾപ്പെടുന്ന ഉന്നത യൂറോപ്യൻ പ്രതിനിധി സംഘവും ചർച്ചയിൽ പങ്കെടുക്കും.സെലൻസ്കിയുടെ നിലപാട് ശക്തിപ്പെടുത്താനും നിർദ്ദിഷ്ട സമാധാന വ്യവസ്ഥകൾ യുക്രെയ്നിന്റെ പരമാധികാരത്തെയോ ബാധിക്കുന്നില്ലെന്ന് ഉറപ്പാക്കാനും ചർച്ച ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&

# HEADLINE 6

## DEVIKA SIHAG

മലേഷ്യ ഇന്റർനാഷണൽ ചലഞ്ച് 2025 വനിതാ സിംഗിൾസ് കരസ്ഥമാക്കി ഇന്ത്യൻ ബാഡ്മിന്റൺ താരം ദേവിക സിഹാഗ്. ഫൈനലിൽ തൻ്റെ എതിരാളിയെ 15-7,15-12 എന്ന സ്കോറിനാണ് താരം പരാജയപ്പെടുത്തിയത്.സ്വീഡിഷ് ഓപ്പണിലും പോർച്ചുഗൽ ഇന്റർനാഷണലിലും അന്താരാഷ്ട്ര സീരീസ് തലത്തിൽ താരം കിരീടം നേടിയിട്ടുണ്ട് .കഴിഞ്ഞ വർഷം ബെംഗളൂരുവിൽ നടന്ന സീനിയർ ദേശീയ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിലും ജേതാവായിരുന്നു.

&&&&&&&&&&&&&&&&&&

## NEERAJ CHOPRA - DIAMOND LEAGUE

നിലവിലെ ലോക ചാമ്പ്യനും രണ്ടുതവണ ഒളിമ്പിക് മെഡൽ ജേതാവുമായ നീരജ് ചോപ്ര ഡയമണ്ട് ലീഗ് ഫൈനലിൽ സ്ഥാനം ഉറപ്പാക്കി. ഈ മാസം 27, 28 തീയതികളിൽ സ്വിറ്റ്സർലൻഡിലെ സ്യൂറിക്കിലാണ് മത്സരം. സൈലേഷ്യയിൽ നടന്ന മത്സരത്തിൽനിന്ന് വിട്ടുനിന്നെങ്കിലും, ഈ സീസണിൽ മുൻ പ്രകടനങ്ങളുടെ മികവിലാണ് ചോപ്ര യോഗ്യത ഉറപ്പാക്കിയത്. 2022-ൽ ഡയമണ്ട് ലീഗ് കിരീടം നേടിയ ചോപ്ര, കഴിഞ്ഞ രണ്ടുവർഷം റണ്ണർ അപ്പ് ആയിരുന്നു. അതേസമയം, ഡയമണ്ട് ലീഗ് ഫൈനലിൽ പങ്കെടുക്കുന്ന കാര്യം നീരജ് ചോപ്ര സ്ഥിരീകരിച്ചിട്ടില്ല.

&&&&&&&&&&&&&&&&&&

## FOOTBALL- DURAND CUP

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ, ഈസ്റ്റ് ബംഗാളും ഡയമണ്ട് ഹാർബർ എഫ്സിയും സെമിഫൈനലിൽ എത്തി. ഇന്നലെ കൊൽക്കത്തയിൽ നടന്ന ക്വാർട്ടർ ഫൈനലിൽ ഈസ്റ്റ് ബംഗാൾ 2-1 ന് മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ പരാജയപ്പെടുത്തി. 16 തവണ ഡ്യൂറണ്ട് കപ്പ് ചാമ്പ്യന്മാരായ ഈസ്റ്റ് ബംഗാൾ സെമിയിൽ, അരങ്ങേറ്റക്കാരായ ഡയമണ്ട് ഹാർബറിനെ നേരിടും. ഷില്ലോങ് ലജോങ്ങും, നോർത്ത് ഈസ്റ്റ് യുണൈറ്റഡുമാണ് സെമിയിൽ ഏറ്റുമുട്ടുന്ന മറ്റ് ടീമുകൾ.

&&&&&&&&&&&&&&&&&&

## U20 WORLD WRESTLING

ബൾഗേറിയയിൽ നടക്കുന്ന അണ്ടർ 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിന്റെ സെമിഫൈനലിൽ ഇന്ത്യൻതാരം വിശാലിന് പരാജയം. 20 കാരനായ ഇന്ത്യൻ താരം 97 കിലോഗ്രാം ഫ്രീസ്റ്റൈൽ കടുത്ത പോരാട്ടം നടത്തിയശേഷം 9-11 എന്ന സ്കോറിനാണ്് മഗോ മെഡോവിനോട് പരാജയപ്പെട്ടത്. തുടർന്ന് വിശാൽ വെങ്കലമെഡലിനായി പോരാടും.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&